# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 3, ചൊവ്വാഴ്ച

**നമ്പർ 21**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ ഭാഗത്തുനിന്നും നടപടി ഉണ്ടാകാത്തതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കാർഷിക മേഖലയിൽ വിപണി വിപുലീകരണത്തിനും സംഭരണം കാര്യക്ഷമമാക്കി വിളകൾക്ക് അടിസ്ഥാന വില ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി. എച്ച്. കുഞ്ഞമ്പു കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) പഞ്ചായത്തുകളിൽ പൊതുകളിസ്ഥലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിയമതടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേക ഇളവുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഷാഫി പറമ്പിൽ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.1226/2021(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. സച്ചിൻദേവ് | ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജ ഐ.ഡി. ഉപയോഗിച്ച് സൈബർ കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നടപടി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. റോജി എം. ജോൺ | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിനർഹരായ സമുദായങ്ങളുടെ പട്ടിക | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. മാത്യു ടി. തോമസ് | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. വി. ശ്രീനിജിൻ | ബി. പി. സി. എൽ - കൊച്ചിൻ റിഫൈനറീസ് സ്ഥാപനത്തിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ജെ. മാക്സി | കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കണ്ണംപുറം ജമാഅത്തെ എന്നീ ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. ടി. ജെ. വിനോദ് | വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനായി കായലിന് കുറുകെ ബണ്ട് നിർമ്മിച്ചതുമൂലമുണ്ടായ വെള്ളക്കെട്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സജീവ് ജോസഫ് | ചിരട്ടപ്പാലിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അംഗീകാരം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ശശി | ഡയറ്റിന്റെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. ബഷീർ | എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനം | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

സബ്ജക്ട് കമ്മിറ്റി XIII - ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

നിയമസഭാ സമിതികളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും മറ്റ് റിപ്പോർട്ടുകളും യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ വീഴ്ച വരുത്തുന്നതിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി :

"നിയമസഭയുടെ മിനിയേച്ചർ എന്ന നിലയിൽ ലഭിക്കേണ്ട അംഗീകാരം നിയമസഭാ സമിതികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുന്നില്ലെന്നും സമിതി റിപ്പോർട്ടുകളിന്മേൽ ഉന്നയിക്കുന്ന ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ

ചെയ്യുന്നില്ലെന്നും അതുമൂലം ഏറെ പഴക്കം ചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സമിതി സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നതായും, സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകളും യഥാസമയം ലഭ്യമാകുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ടെന്നും അതു സംബന്ധിച്ച് വ്യക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

നിയമസഭാ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സഹകരിക്കുന്നില്ലെന്ന പരാതികൾക്ക് സഭാ സമിതികളുടെ ആവിർഭാവത്തോളംതന്നെ പഴക്കമുണ്ടെന്നാണ് കാണുന്നത്. സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ സഭാ സമിതികൾക്ക് അതിന്റെ കർത്തവ്യം പൂർത്തീകരിക്കുവാൻ കഴിയൂ എന്നത് സുവ്യക്തമാണ്. സർക്കാരിൽനിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാവാതെ വന്നാൽ സഭാ സമിതികളുടെ പ്രവർത്തനങ്ങളും അവതാളത്തിലാകുന്നതാണ്. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അത്തരത്തിലൊരു സാഹചര്യം സംജാതമായിട്ടില്ലെങ്കിൽപ്പോലും സമിതികൾ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവൺമെന്റിൽ നിന്നും യഥാസമയം ലഭ്യമാകുന്നില്ല എന്ന തരത്തിൽ വ്യാപകമായ പരാതികൾ ബഹുമാനപ്പെട്ട സമിതി അദ്ധ്യക്ഷന്മാരുടെ യോഗത്തിലും ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിശീലന പരിപാടികളിലും ആവർത്തിച്ചാവർത്തിച്ച് ഉയർന്നു വന്നിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു.

ഭരണ നിർവ്വഹണം നടത്തുന്ന എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുവാൻ ഭരണഘടന പ്രദാനം ചെയ്തിട്ടുള്ള അവകാശങ്ങൾ സഭാ സമിതികൾ വിനിയോഗിക്കുന്ന വേളകളിൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ സ്വാഭാവികമാണെന്ന് വിലയിരുത്താമെങ്കിലും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ ഒട്ടനേകം സന്ദർഭങ്ങൾ കേരള നിയമസഭയുടെ പൂർവ്വകാല ചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്.

സഭാ സമിതികളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഭാഗത്തുനിന്നുള്ള നിസ്സഹകരണം സംബന്ധിച്ച ക്രമപ്രശ്നം ഇവിടെ ഉന്നയിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അംഗവും മുൻ നിയമസഭാംഗം ശ്രീ. സി. പി. മുഹമ്മദ് അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പരിസ്ഥിതി സംബന്ധിച്ച സമിതി, സമിതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ ആ സമിതിയുടെയും മുൻ സമിതികളുടെയും എല്ലാ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽ നിന്നും ലഭ്യമാക്കി നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. അതുപോലെ സമിതി മുമ്പാകെയുള്ള പഴക്കംചെന്ന എല്ലാ പരാതികൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു.

സമാന രീതിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. വി. ശശി എന്നിവർ അംഗങ്ങളും മുൻ നിയമസഭാംഗം ശ്രീ. വി. പി. സജീന്ദ്രൻ അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയും പരിസ്ഥിതി സംബന്ധിച്ച സമിതി സ്വീകരിച്ചതുപോലെ എല്ലാ കടിശ്ശിക ജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ വിജയം കൈവരിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ പേരിൽ മേൽപ്പറഞ്ഞ രണ്ട് സമിതി അദ്ധ്യക്ഷന്മാരെയും അംഗങ്ങളേയും ഉദ്യോഗസ്ഥരേയും സഭയിൽ നടത്തിയ പ്രത്യേക പരാമർശത്തിലൂടെ അന്നത്തെ സഭാദ്ധ്യക്ഷൻ അനുമോദിച്ചത് നമ്മുടെ നിയമസഭാ ചരിത്രത്തിലെ അപൂർവ്വമായതും തിളക്കമാർന്നതുമായ ചില ഏടുകളാണ്. ഈ ഉദാഹരണങ്ങൾ പ്രത്യേകമായി ചെയർ ഇവിടെ പരാമർശിച്ചത് സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവണ്മെന്റിൽനിന്നും ലഭ്യമാക്കുവാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഏതൊരു സമിതിക്കും കഴിയുമെന്ന് സൂചിപ്പിക്കുവാൻ വേണ്ടി മാത്രമാണ്.

നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കും ഉണ്ടെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മിക്ക സമിതികളും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങൾ വേണ്ടവിധം വിനിയോഗിക്കാറില്ല എന്നാണ് കാണുന്നത്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവണ്മെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും എന്നിട്ടും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചു വരുത്താനുമുള്ള അധികാരം നമ്മുടെ നിയമസഭാ സമിതികൾക്കുണ്ട്. അതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശ ലംഘനത്തിന്റെ പേരിൽ ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്.

ജനപ്രതിനിധി സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾക്ക് ചട്ടപ്രകാരം തന്നെ ലഭ്യമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ യഥാവിധി വിനിയോഗിക്കപ്പെടാതെ പോകുന്നതുമൂലമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ് നാം വീണ്ടും വീണ്ടും പരാതിപ്പെട്ടു കൊണ്ടിരിക്കുന്നതെന്നാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ചെയറിന്റെ നിരീക്ഷണം.

കെട്ടിക്കിടക്കുന്ന ഗവണ്മെന്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ച് സംസാരിച്ച വേളയിൽ "ഓരോ ഫയലും ഓരോ ജീവിതമാണ്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശമാണ് ചെയറിനും ആവർത്തിക്കാനുള്ളത്. പക്ഷേ, ഒരു വ്യത്യാസം മാത്രം. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒന്നല്ല, ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാണ്. അവയ്ക്ക് അതർഹിക്കുന്ന പരിഗണന കിട്ടിയേ മതിയാകൂ.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യ ബോധത്തോടും പ്രായോഗിക സമീപനത്തോടും കൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്നപക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നുകൂടി അറിയിക്കട്ടെ."

<u>ധനകാര്യം</u> :

## 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 8, 9, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 30, 33, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 8, 9, 10, 11, 12, 13, 15, 17, 18, 21, 22, 23, 24, 26, 29, 30, 32, 33, 34 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ബാബു (*നെന്മാറ*)

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. പി. എ. മജീദ്

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. അനൂപ് ജേക്കബ്

ഡോ. സുജിത് വിജയൻപിള്ള

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീമതി ദെലീമ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. പി. ബാലചന്ദ്രൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. പി. സി. വിഷ്ണുനാഥ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ആഗസ്റ്റ് 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.17-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

(Brief Record of Proceedings )

*Tuesday, August 3, 2021*

**No. 21**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for General Education and Labour, the Speaker withheld consent to the moving of an adjournment motion given notice of by Dr. M. K. Muneer and five other Members regarding the serious situation reported to have arisen consequent to the lack of measures on the part of the Government to solve the apprehensions concerning the admission to Plus One courses in the State.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout.)

*Calling Attention :*

(1) Shri C. H. Kunhambu called the attention of the Minister for Agriculture to the necessity to strengthen the steps taken for market expansion in the agricultural sector and for ensuring base price for agricultural products through efficient procurement system. The Minister made a statement thereto.

(2) Shri. Shafi Parambil called the attention of the Minister for Local Self Governments, Rural Development and Excise to the necessity to allow special excemptions to settle the legal impediments in land acquisition for the construction of public play grounds in Panchayats. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. സച്ചിൻദേവ് | ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജ ഐ.ഡി. ഉപയോഗിച്ച് സൈബർ കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നടപടി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. റോജി എം. ജോൺ | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിനർഹരായ സമുദായങ്ങളുടെ പട്ടിക | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. മാത്യു ടി. തോമസ് | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. വി. ശ്രീനിജിൻ | ബി. പി. സി. എൽ. - കൊച്ചിൻ റിഫൈനറീസ് സ്ഥാപനത്തിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ജെ. മാക്സി | കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കന്നുംപുറം ജമാഅത്തെ എന്നീ ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. ടി. ജെ. വിനോദ് | വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനായി കായലിന് കുറുകെ ബണ്ട് നിർമ്മിച്ചതുമൂലമുണ്ടായ വെള്ളക്കെട്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സജീവ് ജോസഫ് | ചിരട്ടപ്പാലിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അംഗീകാരം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ശശി | ഡയറ്റിന്റെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. ബഷീർ | എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനം | മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

The Periodical Report from 1st April 2020 to 31st March 2021 and the Report on Action Taken on the Fifth report regarding the scrutiny of demands for grants for the financial year 2020-2021 of the Subject Committee XIII were presented.

*Ruling of Speaker :*

The Speaker gave the following ruling on the point of order raised by Shri. P. C. Vishnunadh regarding the laxity on the part of Government Departments in making available Action Taken statements and other reports on the recommendation made by the Legislature Committees:

"നിയമസഭയുടെ മിനിയേച്ചർ എന്ന നിലയിൽ ലഭിക്കേണ്ട അംഗീകാരം നിയമസഭാ സമിതികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുന്നില്ലെന്നും സമിതി റിപ്പോർട്ടുകളിന്മേൽ ഉന്നയിക്കുന്ന ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യുന്നില്ലെന്നും അതുമൂലം ഏറെ പഴക്കം ചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സമിതി സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നതായും, സമിതികൾക്ക് ലഭിക്കുന്ന

പരാതികളിന്മേലുള്ള റിപ്പോർട്ടുകളും യഥാസമയം ലഭ്യമാകുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ടെന്നും അതു സംബന്ധിച്ച് വ്യക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

നിയമസഭാ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സഹകരിക്കുന്നില്ലെന്ന പരാതികൾക്ക് സഭാ സമിതികളുടെ ആവിർഭാവത്തോളംതന്നെ പഴക്കമുണ്ടെന്നാണ് കാണുന്നത്. സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ സഭാ സമിതികൾക്ക് അതിന്റെ കർത്തവ്യം പൂർത്തീകരിക്കുവാൻ കഴിയൂ എന്നത് സുവ്യക്തമാണ്. സർക്കാരിൽനിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാവാതെ വന്നാൽ സഭാ സമിതികളുടെ പ്രവർത്തനങ്ങളും അവതാളത്തിലാകുന്നതാണ്. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അത്തരത്തിലൊരു സാഹചര്യം സംജാതമായിട്ടില്ലെങ്കിൽപ്പോലും സമിതികൾ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവൺമെന്റിൽ നിന്നും യഥാസമയം ലഭ്യമാകുന്നില്ല എന്ന തരത്തിൽ വ്യാപകമായ പരാതികൾ ബഹുമാനപ്പെട്ട സമിതി അദ്ധ്യക്ഷന്മാരുടെ യോഗത്തിലും ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിശീലന പരിപാടികളിലും ആവർത്തിച്ചാവർത്തിച്ച് ഉയർന്നു വന്നിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു.

ഭരണ നിർവ്വഹണം നടത്തുന്ന എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുവാൻ ഭരണഘടന പ്രദാനം ചെയ്തിട്ടുള്ള അവകാശങ്ങൾ സഭാ സമിതികൾ വിനിയോഗിക്കുന്ന വേളകളിൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ സ്വാഭാവികമാണെന്ന് വിലയിരുത്താമെങ്കിലും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ ഒട്ടനേകം സന്ദർഭങ്ങൾ കേരള നിയമസഭയുടെ പൂർവ്വകാല ചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്.

സഭാ സമിതികളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഭാഗത്തുനിന്നുള്ള നിസ്സഹകരണം സംബന്ധിച്ച ക്രമപ്രശ്നം ഇവിടെ ഉന്നയിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അംഗവും മുൻ നിയമസഭാംഗം ശ്രീ. സി. പി. മുഹമ്മദ് അദ്ധ്യക്ഷൻമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പരിസ്ഥിതി സംബന്ധിച്ച സമിതി, സമിതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ ആ സമിതിയുടെയും മുൻ സമിതികളുടെയും എല്ലാ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽ നിന്നും ലഭ്യമാക്കി നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. അതുപോലെ സമിതി മുമ്പാകെയുള്ള പഴക്കം ചെന്ന എല്ലാ പരാതികൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു.

സമാന രീതിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. വി. ശശി എന്നിവർ അംഗങ്ങളും മുൻ നിയമസഭാംഗം ശ്രീ. വി. പി. സജീന്ദ്രൻ അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയും പരിസ്ഥിതി സംബന്ധിച്ച സമിതി സ്വീകരിച്ചതുപോലെ എല്ലാ കടിശ്ശിക ജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ വിജയം കൈവരിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ പേരിൽ മേൽപ്പറഞ്ഞ രണ്ട് സമിതി അദ്ധ്യക്ഷന്മാരേയും അംഗങ്ങളേയും ഉദ്യോഗസ്ഥരേയും സഭയിൽ നടത്തിയ പ്രത്യേക പരാമർശത്തിലൂടെ അന്നത്തെ സഭാദ്ധ്യക്ഷൻ അനുമോദിച്ചത് നമ്മുടെ നിയമസഭാ ചരിത്രത്തിലെ അപൂർവ്വമായതും തിളക്കമാർന്നതുമായ ചില ഏടുകളാണ്. ഈ ഉദാഹരണങ്ങൾ പ്രത്യേകമായി ചെയർ ഇവിടെ പരാമർശിച്ചത് സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവൺമെന്റിൽനിന്നും ലഭ്യമാക്കുവാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഏതൊരു സമിതിക്കും കഴിയുമെന്ന് സൂചിപ്പിക്കുവാൻ വേണ്ടി മാത്രമാണ്.

നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കും ഉണ്ടെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മിക്ക സമിതികളും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങൾ വേണ്ടവിധം വിനിയോഗിക്കാറില്ല എന്നാണ് കാണുന്നത്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും എന്നിട്ടും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചു വരുത്താനുമുള്ള അധികാരം നമ്മുടെ നിയമസഭാ സമിതികൾക്കുണ്ട്. അതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശ ലംഘനത്തിന്റെ പേരിൽ ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്.

ജനപ്രതിനിധി സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾക്ക് ചട്ടപ്രകാരം തന്നെ ലഭ്യമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ യഥാവിധി വിനിയോഗിക്കപ്പെടാതെ പോകുന്നതുമൂലമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ് നാം വീണ്ടും വീണ്ടും പരാതിപ്പെട്ടു കൊണ്ടിരിക്കുന്നതെന്നാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ചെയറിന്റെ നിരീക്ഷണം.

കെട്ടിക്കിടക്കുന്ന ഗവണ്മെന്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ച് സംസാരിച്ച വേളയിൽ "ഓരോ ഫയലും ഓരോ ജീവിതമാണ്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശമാണ് ചെയറിനും ആവർത്തിക്കാനുള്ളത്. പക്ഷേ, ഒരു വ്യത്യാസം മാത്രം. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒന്നല്ല, ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാണ്. അവയ്ക്ക് അതർഹിക്കുന്ന പരിഗണന കിട്ടിയേ മതിയാകൂ.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യ ബോധത്തോടും പ്രായോഗിക സമീപനത്തോടും കൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്നപക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നുകൂടി അറിയിക്കട്ടെ."

*Financial Business :*

## Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022

Smt. Veena George, Minister for Health and Woman and Child Development moved Demand No. XVIII—Medical and Public Health and Demand No. XIX—Family Welfare for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos XVIII and XIX.

The cut motion Nos. 1, 2, 3, 8, 9, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 30, 33, 37, 38 in the list of cut motions for Demand No. XVIII and cut motion Nos. 2, 3, 4, 5, 6, 8, 9, 10, 11, 12, 13, 15, 17, 18, 21, 22, 23, 24, 26, 29, 30, 32, 33, 34 in the list of cut motions for Demand No. XIX were moved.

The following members took part in the discussion:

Shri K. Babu (*Nenmara*)

Shri T. J. Vinod

Shri Muhammed Muhassin

Shri K. P. A. Majeed

Smt. O. S. Ambika

Shri Anoop Jacob

Dr. Sujith Vijayanpillai

Dr. N. Jayaraj

Smt. U. Prathibha

Shri Eldose P. Kunnappillil

Shri P. Mammikutty

Smt. Daleema

Shri Mathew T. Thomas

Shri P. Ubaidulla

Shri. T. I. Madhusoodanan

Shri. P. Balachandran

Dr. K. T. Jaleel

Shri P. C. Vishnunadh.

Smt. Veena George, Minister for Health and Woman and Child Development replied to the points raised during the discussion. The cut motions were declared lost. Then the Demand Nos. XVIII and XIX were put to vote and passed.

The House adjourned at 4.17 p.m. to meet again at 9.00 a.m. on Wednesday, August 4, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*